# പ്രളയകാലത്തെ കുറ്റം കുറയ്ക്കൽ: ഒരു പഴയകാല തന്ത്രം

ഡിറ്റക്ടീവ്

ജിജോ

കുറ്റകൃത്യത്തിന്റെ ചുരുളഴിക്കുന്നത് അന്വേഷണകലയാണെങ്കിൽ അതേ കുറ്റകൃത്യം തടയുന്നത് എന്താണ്? അതൊരു വൈഭവമാണ്, ഭരണവൈഭവം. പല പൊലീസ് ഉദ്യോഗസ്ഥരും ചരിത്രത്തിന്റെ ഭാഗമാവുന്നതു കേസുകൾ തെളിയിച്ചുകൊണ്ടാണ്.

എന്നാൽ, ചില ഭരണാധികാരികൾ ചരിത്രത്തിന്റെ ഭാഗമാവുന്നത് കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടാണ്. 1924-ലെ വലിയ വെള്ളപ്പൊക്ക കാലത്താണു സേതുലക്ഷ്മീബായിക്കു തിരുവിതാംകൂറിന്റെ ഭരണസാരഥ്യം ഏറ്റെടുക്കേണ്ടി വരുന്നത്. കൃത്യമായി പറഞ്ഞാൽ ഓഗസ്റ്റ് 28ന്.

മഹാരാജാവ് മൂലം തിരുനാളിന്റെ അനാരോഗ്യം കണക്കിലെടുത്തു ബ്രിട്ടീഷുകാർ മദ്രാസിൽ നിന്നു തിരുവനന്തപുരത്തേക്ക് അയച്ച ദിവാൻ ടി. രാഘവയ്യയാണ് അതുവരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നത്.

മനുഷ്യൻ ദുരിത പൂർണമായ ജീവിതത്തിലൂടെ കടന്നുപോവുമ്പോൾ കുറ്റകൃത്യങ്ങൾ വർധിക്കുമെന്ന സാമാന്യ ബോധത്തിൽ ഊന്നിയാണു സേതുലക്ഷ്മീബായി വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്.

സൗഖ്യമാണ് ഒരാളെ കുറ്റകൃത്യത്തിൽ നിന്നും അകറ്റി നിറുത്തുന്നത്. എല്ലാം നഷ്ടപ്പെട്ടവനു ദുരിതാശ്വാസ ക്യാംപുകളല്ല, കിടപ്പാടമാണു സൗഖ്യമെന്ന തിരിച്ചറിവിൽ കാട്ടിലെ മുളകൾ നാട്ടിലേക്കു വെട്ടിയിറക്കി. വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട വീടും കുടിലും പുനർനിർമിക്കാൻ എല്ലാവർ



സേതുലക്ഷ്മീബായി

ക്കും മുളയും പനമ്പും ഓലയും സൗജന്യമായി നൽകാൻ ഉത്തരവിറക്കി.

ഒഴുകിപ്പോയ വീടുകളിൽ 80 ശതമാനവും മൂന്നു നാലു മാസം കൊണ്ട് ഇങ്ങനെ പുനർനിർമിച്ചു. അന്നത്തെ വെള്ളപ്പൊക്കത്തിൽ മാസങ്ങളോളം ദുരിതാശ്വാസ ക്യാംപുകളിൽ തങ്ങേണ്ടി വന്ന കുടുംബങ്ങളുടെ കണക്ക് ഇതാണ്-വടക്കൻ പറവൂർ-8000, കോട്ടയം-5000, അമ്പലപ്പുഴ-4000, ആലപ്പുഴ-3000, ചങ്ങനാശേരി-3000.

ദാരിദ്ര്യവും അനാരോഗ്യവും ക്യാംപുകളിൽ പോലും വഴക്കിനും വക്കാണത്തിനും വഴിയൊരുക്കി. ആഹാരത്തിനും പണത്തിനും വേണ്ടിയുള്ള മോഷണങ്ങൾ നാട്ടിൽ പെരുകി.

ഈ ഘട്ടത്തിലാണു കാട്ടിലെ മുളകൊണ്ടു സേതുലക്ഷ്മീബായി നാട്ടിൽ സമാധാനം പുനഃസ്ഥാപിക്കാൻ ശ്രമം നടത്തി വിജയിച്ചത്.

വീടായാൽ പിന്നീടു വേണ്ടത് വരുമാനം, കാർഷിക വായ്പയ്ക്കു നീക്കിവച്ച തുക നാലു ലക്ഷം രൂപയിൽ നിന്നും അഞ്ചര ലക്ഷം രൂപയായി റാണി ഉയർത്തി. ഒപ്പം തന്നെ പലിശ 6.25 ശതമാനത്തിൽ നിന്നും ആറു ശതമാനമായി കുറച്ചു.

അർഹരായവർക്കും പലിശയിൽ വീണ്ടും ഇളവു നൽകി. ഒരാൾക്കു ലഭിക്കുന്ന പരമാവധി വായ്പ 500 രൂപയായി നിജപ്പെടുത്തി 10,000 കുടുംബങ്ങളെ കാർഷിക വൃത്തിയിലേക്കു മടക്കിക്കൊണ്ടുവന്നു.

വെള്ളപ്പൊക്കത്തിൽ എക്കൽ വീണ കരപ്പാടങ്ങളും ഒതമ്പു വീണ പൊക്കാളി, കരിനിലങ്ങളും വിളവ് ഇരട്ടിയായി കർഷനു നൽകിയതോടെ നാടു മെല്ലെ അഭിവൃത്തിയിലേക്കു കരകയറി. റിപ്പോർട്ടു ചെയ്യുന്ന ചെറുതും വലുതുമായ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞു.

ഇന്നത്തെ പോലെ അന്നും ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മുൻനിരയിൽ പൊലീസ് സേനയുമുണ്ടായിരുന്നു.

കുറ്റാന്വേഷണത്തേക്കാൾ വലുത് കുറ്റകൃത്യങ്ങൾ തടയുന്നതു തന്നെയാണ്, അല്ലേ?

**Malayala Manorama**
**31 August 2018**
**Flood, An Old fshioned Strategy**